# വിദ്യാലയ ചരിത്രം

കണ്ണൂർ ജില്ലയിൽ പഴയ പെരിങ്ങളം
പഞ്ചായത്തിലെ ഇന്നത്തെ പാനൂർ മുനിസിപ്പാലിറ്റിയിൽ
സ്ഥിതി ചെയ്യുന്ന ഒരു വിദ്യാലയമാണ് പൂക്കോം മുസ്ലിം
നോർത്ത് എൽ.പി സ്കൂൾ. 1943 ലാണ് പൂക്കോം
മുസ്ലിം നോർത്ത് എൽ.പി സ്കൂൾ സ്ഥാപിതമായത്.
പന്ന്യന്നൂരിൽ ഇന്നത്തെ ഗവൺമെന്റ് എൽ.പി സ്കൂൾ
സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് ആദ്യം സ്കൂൾ
സ്ഥാപിതമായത്. അന്ന് മിക്സഡ് സ്കൂളായിരുന്നു.
പിന്നീടത് കൊല്ലന്റവിട പറമ്പിലേക്ക് മാറ്റി.
അവിടെ നിന്ന് വീണ്ടും അതേ പ്രദേശത്ത് ചോര-
പ്പന്റവിട എന്ന പറമ്പിലേക്ക് സ്ഥാനമാറ്റമുണ്ടായി
സ്കൂളിന്റെ ആദ്യത്തെ ഹെഡ് ടീച്ചർ ചീരുക്കുട്ടി ടീച്ചറായി-
രുന്നു. ഇന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക്
സ്ഥാനമാറ്റമുണ്ടായതോട് കൂടിയാണ് സ്കൂളിന്
സ്ഥിരമായ ഒരു കെട്ടിടമുണ്ടായത്. നാട്ടുകാരുടെ
നിരന്തരമായ പരിശ്രമത്തിന്റെ ഫലമായാണ് ഈ
സ്ഥിരമായ മാറ്റം. പൂക്കോം പ്രദേശത്തിന്റെ
സർവതോമുഖമായ ഉയർച്ച, പ്രത്യേകിച്ച് പെൺ
കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി-
യാണ് ഈ പ്രദേശത്തുകാർ ഇവിടെ ഇങ്ങനെ
ഒരു സ്ഥാപനത്തിനായി മുൻകൈയ്യെടുത്തത്.

1943ൽ പന്നൂരിൽ Mixed ആയി
തുടങ്ങിയ സ്ഥാപനം പെൺകുട്ടികൾ മാത്രം
പഠിക്കുന്ന രൂപത്തിലേക്ക് മാറിയത് സാമൂഹ്യ
പരമായ കാരണങ്ങളാലാണ്. മാത്രമല്ല. ഇതേ
Management ന്റെ കീഴിൽ ആൺകുട്ടികൾ
മാത്രം പഠിക്കുന്ന ഒരു up സ്കൂളും
ഉണ്ടായിരുന്നു. രണ്ടു സ്കൂളിനും പൊതുവായുള്ള
ഒരു കിണറും ഒരു മൂത്രപ്പുരയുമുണ്ടായിരുന്നു
അന്ന്. പഴയത് അറിയപ്പെട്ടിരുന്നു School [illegible]
ഇങ്ങനെ 'Girls school. Boy's school' എന്നീ
രൂപത്തിലുള്ള വിദ്യാലയം പിന്നീട് മിക്സഡ്
Mixed രൂപത്തിലായി. സ്കൂളിന്റെ ആദ്യത്തെ Head
Teacher ആയിരുന്ന ചീരുകുട്ടി ടീച്ചർ 1981 April
മാസത്തിൽ വിരമിക്കുകയും 1982 ശ്രീമതി [illegible]
ടീച്ചറും തുടർന്ന് 2002 വരെ ശ്രീ. എൻ. പി
നാരായണൻ മാസ്റ്ററും Head master ആയി
തുടർന്നു. ഈ കാലയളവിൽ സ്കൂളിന് വലിയ
പുരോഗതികളുണ്ടായിട്ടുണ്ട്. Management മാറ്റവും
പ്രത്യേകിച്ച് സ്കൂൾ Ground ഇല്ലാത്തതും ചെറിയ
ദൂരത്ത് സ്കൂളിന്റെ അതിനാൽ പുറത്തേക്ക്
പാടത്തും ചെയ്തിരുന്നു. സ്ഥാപനത്തെ ശ്രീ. കെ.കെ. രാജൻ
മാസ്റ്ററും ശ്രീമതി നിർമ്മല ടീച്ചറും സ്കൂളിനുവേണ്ടി
അവരവരുടേതായ കർത്തവ്യങ്ങൾ നിർവഹിച്ചിരുന്നു
പല സാമൂഹ്യ കാരണങ്ങളാൽ ഈ പ്രദേശം
നാട്ടിൽനിന്നും സ്കൂളിലേക്ക് പ്രവേശനം കുറഞ്ഞു
കൊണ്ടിരിക്കുന്നു...

# പൊതുലക്ഷ്യങ്ങൾ.

1) ഒന്നുമുതൽ നാല് വരെ ഓരോ ക്ലാസിലും കൈവരിക്കേണ്ട ശേഷികളും ധാരണകളും മനോഭാവങ്ങളും അതാതു ക്ലാസ്സ് നിലവാരത്തിൽ ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയെടുത്തു എന്ന് ഉറപ്പുവരുത്തുക.

2) എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അവരെ ഭാവം വർദ്ധിക്കുന്നതിനും കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം കൊടുക്കുക.

3) കലാ കായിക പ്രവൃത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ഭൗതിക സൗകര്യങ്ങൾ ഒരുക്കുക.

4) പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപ്രവർത്തനത്തിലൂടെ സമയം ഉൾക്കൊണ്ട് ലഭ്യമാക്കുക.

5) പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആക്കുന്ന തലത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുക.

മാലിന്യനിർമ്മാർജ്ജനം.

6) കാർഷിക സംസ്കാരം പുതുതലമുറ സംസ്കാരമായി വളർത്തിയെടുക്കുക.

7) ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുക.

8) ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക.

9) സ്കൂൾ Library ക്ലാസ് തല Library എല്ലാ പഠന ഷേത്രങ്ങൾ വിദഗ്ദരുടെ ക്ലാസുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ ഒരുക്കുക.

മലയാളം

# മേഖല : മലയാളം

## ലക്ഷ്യങ്ങൾ

1. മലയാള ഭാഷാശേഷികളിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നു.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാളഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുന്നു.
3. മലയാള ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
4. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. മികച്ച വായനാശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക.
6. മലയാള ഭാഷാവ്യവഹാരങ്ങൾ തെറ്റു കൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

## മേഖല : മലയാളം

### ലക്ഷ്യങ്ങൾ

1. മലയാള ഭാഷാശേഷികളിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുന്നു.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാളഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുന്നു.
3. മലയാള ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകു
4. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. മികച്ച വായനാശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക.
6. മലയാള ഭാഷാവ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

7. മലയാള ഭാഷാപഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

8. മലയാള ഭാഷാ പഠനശേഷി വികസിപ്പിക്കുക

9. CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക

10. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനു മലയാള ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

11. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാളഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക.

## മേഖല: മലയാളം

| നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഭൗതിക | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1. പ്രീടെസ്റ്റ് 04.06.25<br>2. സമാന്തരപ്രവർത്തനങ്ങൾ.<br>3. അക്ഷരങ്ങൾ ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കൽ.<br>7. ചിത്രം അടിക്കുറിപ്പ്<br>8. ചിത്രം കഥപറയൽ.<br>9. ചിത്രം കഥ എഴുതൽ.<br>10. കഥബാക്കി എഴുതൽ.<br>11. കഥാപുസ്തകം നൽകൽ.<br>12. ICT ഉപയോഗിച്ച് ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>13. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് ക്ലാസ് | 04.06.25<br>2 മാസം<br><br>ജൂൺ-സെപ്റ്റംബർ | പുസ്തകങ്ങൾ<br><br>ICT<br><br>പുസ്തകങ്ങൾ | ക്ലാസ് ടീച്ചർ<br>BRC<br>PTA<br>SRG<br>DIET<br><br>BRC<br>PTA<br><br>Trai |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഭൗതിക | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകാരി) | 1. എഴുത്തു രൂപീകരണം.<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനാക്കുറിപ്പ്-പതിപ്പ്<br>5. ആസ്വാദനക്കുറിപ്പ്<br>6. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക പതിപ്പു തയ്യാറാക്കൽ<br>7. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ.<br>8. എഴുത്തു കൂട്ടം മോണിറ്ററിംഗ്<br>9. വായനാക്കുറിപ്പ്, ആസ്വാദന കുറിപ്പ്<br>10. ബാലസഭ<br>11. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>12. വ്യക്തി രചന, സംഘ രചന.<br>13. രചയിതാക്കളെ പരിചയപ്പെടൽ<br>14. ചിത്രങ്ങളിലൂടെയും ICT കളിലൂടെയും ഭിന്നശേഷിക്കാരെ ഭാഷാശേഷിയിൽ നൈപുണി ഉള്ളവരായി മാറ്റുന്നു | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്രക്കുറിപ്പുകൾ | BRC<br>PTA<br>BRC<br>PTA<br>അധ്യാപകർ |

# ENGLISH

Aims

1) To bring out the full potential of students with special abilities in English language learning.

2) All students attain the English language learning objectives targeted by curriculum.

3) provide support to children with limited foundational concept and attitudes in English language learning to overcome them.

4) Developing the Best Reading habit in English language.

5) Developing the ability to enhance the various discourses.

6) Supporting CWSN students.

7) enhancing the English language learning.

* * ——————————————— * *

| Aims. | Activities | Time | | |
|---|---|---|---|---|
| Develop Students with ability to read, write and speak English Fluent-ly | * Evaluating Students through Pretest. | June 1st week | | class Teacher |
| | * Finding activities for their problems. | IInd week June. | | SRG Class teacher |
| | * Activities for basic Skills. | July Onwards | | Teacher |
| | * Words collection. | June last | | class Teacher |
| | * Dictionary making | | | |
| | * English Assembly | weekly Once. | | |
| | * Magazines. | | | class Teacher |
| | * Collection of Rhymes | | | |
| | * ICT. | | | |
| Story time: Enhancing the Students langage ablity. | Story time. Finding the Story Parts based On the lesson and enacting it Dramatization. | June. to March. | | Class Teacher. |

| Aim. | Activities. | Time period | | |
|---|---|---|---|---|
| Enhancing the English language Speaking Skills. | English Day | Last Friday of each month | | class Teacher |
| Enhancing the ability of Communication Skills | Public Speaking. Audio. | August to February | C.D | SRG. |
| Acquiring the writing Skill. | Script writing. Finding the Dramatization Part from the lesson. | Based on lesson | | class Teacher. |
| Developing Teamspirit and Team work mentality in learners. | Choreography. | September to February | | SRG Class teacher |
| Nurturing language Skills and Creativity. | Young talents. News Reading. Speech. Recitation. Drama camp | 1year. Holidays | | P.T.A SRG. |

ഗണിതം.....

## ഗണിതം :-

### ലക്ഷ്യങ്ങൾ :-

* ഗണിതശാസ്ത്രത്തിൽ സമീപകാലത്ത് ഉണ്ടായ മാറ്റം കുട്ടികളെ അതിന്റെ പ്രയോഗത്തിൽ പരിചിതരാക്കുക.

* കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

* ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും, മനോഭാവങ്ങളിലും പരിമിതികളുള്ള കുട്ടികളെ അവ മറികടക്കാൻ പിന്തുണ നൽകുക.

* ഗണിത ചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

* പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്തുക.

* ഗണിത പഠനത്തെ സാമൂഹ്യവളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.

* ഗണിത പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

* ഗണിത പഠനശേഷി വികസിപ്പിക്കുക.

* ഗണിത പഠനത്തെ സാമൂഹിക ഇടപെടൽ വഴി ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

* - പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ - നേർധാരയിൽ എത്തിക്കുക.

* - ഗണിത അധ്യാപക ശാക്തീകരണം.

* - CWSN - കുട്ടികളെ നേർധാരയിൽ എത്തിക്കുക.

മേഖല ഗണിതം.

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1- | ഗണിത പഠനം ലളിതമാക്കുക. | • കുസൃതിക്കണക്ക്<br>• മനക്കണക്ക്<br>• ഗണിതക്വിസ്<br>• മാന്ത്രിക ചതുരം | ജൂൺ | പുസ്തകങ്ങൾ | S.R.G |
| 2 | ചതുഷ്ക്രിയകൾ ഉപയോഗിച്ച് ഗണിതപ്രശ്നം നിർധാരണം ചെയ്യുന്നു. | • ചതുഷ്ക്രിയ ഉറപ്പിക്കൽ | | | വിദഗ്ദർ S.R.G |
| 3 | ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുന്നു. പഠനം ലളിതമാക്കി [illegible] | • ഗണിതവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമിക്കുന്നു. | അധ്യയനകാലം. | പുസ്തകങ്ങൾ | |

Samsung Galaxy A14
July 10, 2025

| | | | | | |
|---|---|---|---|---|---|
| 4 | വായന മികവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ശീലം വളർത്തുന്നു. | • ക്ലാസ് ലൈബ്രറിയിൽ ഗണിത- പുസ്തകങ്ങൾ- ഉൾപ്പെടുത്തുന്നു. • വായിക്കാൻ നൽകുന്നു. | | | |
| 5 | ഗണിതശാസ്ത്രജ്ഞരി ൽ താൽപ്പര്യം- വളർത്തുന്നു. | • ദിനാചരണങ്ങ ൾ ഗണിതശാസ്ത്ര ജ്ഞരെ ബന്ധ പ്പെട്ട് വിവിധ- ദിനാചരണങ്ങൾ | ജൂൺ - മാർച്ച് | പ്രവർത്ത- ങ്ങൾ | S.R.G |
| 6 | ഗണിത ശാസ്ത്രജ്ഞരി ൽ താൽപര്യം വളർത്തുന്നു | • ഗണിത ക്വിസ് ൾ • രംഗോലിയും പാ ട്ടും • ഇന്റർനെറ്റ് ക്വി. | ജൂൺ - മാർച്ച് ടീച്ചർ സഹായം. | പഠനോപ കരണങ്ങൾ | |

# ശാസ്ത്രം

# മേഖല - ശാസ്ത്രം

## ലക്ഷ്യങ്ങൾ

* കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.
* ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
* ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ മറികടക്കാൻ സഹായിക്കുക.
* ശാസ്ത്ര ചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണി ഇവ എല്ലാ കുട്ടികളിലും വികസിപ്പിച്ചെടുക്കുക.
* ശാസ്ത്രപഠനത്തിന് ഐ.സി.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവു നേടുക.

* ശാസ്ത്രപഠനശേഷി വികസിപ്പിക്കുക.
* പാരിസ്ഥിതിക അവബോധം വളർത്തുക
* CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.
* ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തുക.

# അധ്യാപക ശാക്തീകരണം

Samsung Galaxy A14
July 10, 2025

## മേഖല : അധ്യാപക ശാക്തീകരണം.

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ. |
|---|---|---|---|---|---|
| 1. | അധ്യാപക ശാക്തീകരണം. | 1. വിദഗ്ധരുടെ ക്ലാസുകൾ<br>2. ICT പരിശീലനം | | | അധ്യാപകർ. |

Samsung Galaxy A14
July 10, 2025

എൽ.എസ്
എസ്.

# എൽ.എസ്.എസ്. പരിശീലനം/ഐ.ടി. പരിശീലനം.

| നമ്പ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| 1. | പ്രതിഭാ പരിപോഷണം. | 1. എൽ.എസ്. എസ്. പരിശീലനം<br>2. ഗണിതം, മലയാളം, പരിസരപഠനം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുള്ള പരിശീലനം.<br>3. പൊതുവിജ്ഞാനം വർധിപ്പിക്കൽ. | ജൂൺ-ജനുവരി | എൽ. എസ്. എസ് പുസ്തകം പൊതു വിജ്ഞാനം. | എസ്. ആർ. ജി<br>അധ്യാപകർ<br>SSA |

Samsung Galaxy A14
July 10, 2025